# നിങ്ങൾക്കു സമാധാനം!

وَإِذَا حُيِّيتُم بِتَحِيَّةٍ
فَحَيُّوا بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ
إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا

إن شاء الله

പ്രസിദ്ധീകരിക്കാനിരിക്കുന്ന
ഖുർആൻ വിവരണം
രണ്ടാം വാള്യത്തിൽ നിന്ന്

ISLAMBOOKS.IN

# നിങ്ങൾക്കു സമാധാനം!

﴿وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ

إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا﴾

**"നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ ഉത്തമമായതു കൊണ്ട് നിങ്ങളും പ്രത്യഭിവാദ്യം ചെയ്യുക; അല്ലെങ്കിൽ അതെങ്കിലും മടക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളിലും കണക്ക് നോക്കുന്നവനാകുന്നു."**

(നിസാഅ് 86)

തഹിയ്യത്ത് (التَحِيَّةَ) എന്നതിനെയാണ് മുകളിൽ അഭിവാദ്യം എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. സമൂഹമായി ജീവിക്കുന്ന മനുഷ്യർ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അന്യോന്യം അഭിവാദ്യം ചെയ്യുന്നവരാണ്. കണ്ടുമുട്ടുമ്പോഴുള്ള പരസ്പര ബഹുമാനവും സന്തോഷവും അഭ്യുദയകാംക്ഷയുമാണ് അഭിവാദ്യത്തിലൂടെ പ്രകടിപ്പിക്കുന്നത്.

ഏറ്റവും പരിഷ്കൃതരും സംസ്കൃതചിത്തരുമായ ഒരു സമൂഹമെന്ന നിലയിൽ തഹിയ്യത്തിനെ കുറിച്ചുള്ള മുസ്‌ലിംകളുടെ വിഭാവന എങ്ങനെയായിരിക്കണമെന്നും, ഒരു സാമൂഹ്യ മര്യാദ എന്നതിലപ്പുറം മതപരമായ ഒരു കർത്തവ്യമെന്ന നിലയിൽ കൂടി അത് എങ്ങനെ അനുവർത്തിക്കപ്പെടണമെന്നും പ്രമാണങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അവയിലൊന്നാണ് മുകളിലുദ്ധരിച്ച സൂറത്തുന്നിസാഇലെ 86-ാം സൂക്തം. അതിനു വിശദീകരണം നൽകിക്കൊണ്ട് ശൈഖ് സഅ്ദി رحمه الله പറയുന്നത് കാണുക:

التحية؛ هي اللفظ الصادر من أحد المتلاقيين على وجه الإكرام والدعاء، وما يقترن بذلك اللفظ من البشاشة ونحوها، وأعلى أنواع التحية ما ورد به الشرع، من السلام ابتداء وردًا.
[السعدي في تيسير الكريم الرحمن]

[പരസ്പരം കണ്ടുമുട്ടുന്ന രണ്ടുപേരിൽ ഒരാൾ ആദരവോടെയും പ്രാർത്ഥനയോടെയും പറയുന്ന വചനവും, അതോടൊപ്പമുണ്ടാകുന്ന ഹർഷം പോലുള്ള വൈകാരികതകളുമാണ് തഹിയ്യത്ത്. ശർഅ്

നിർദ്ദേശിച്ചിട്ടുള്ള സലാം പറയലും മടക്കലുമാണ് അഭിവാദ്യങ്ങളുടെ ഇനങ്ങളിൽ ഏറ്റവും ഉന്നതം.] (സഅ്ദി തഫ്സീറിൽ രേഖപ്പെടുത്തിയത്)

തഹിയ്യത്ത് എന്ന അറബി ശബ്ദം ധ്വനിപ്പിക്കുന്ന അടിസ്ഥാന ആശയം ദീർഘായുസ്സ് നേരുക എന്നതാണ്. എന്നാൽ നമസ്കാരത്തിൽ അല്ലാഹുവിന് തഹിയ്യത്ത് പറയുമ്പോൾ അവിടെ അർത്ഥമാക്കുന്നത് രക്ഷ, സമാധാനം, ആധിപത്യം, അനന്തത (السَلَامُ وَالْمُلْكُ وَالْبَقَاءُ) പോലുള്ള എല്ലാ നല്ലകാര്യങ്ങളും അല്ലാഹുവിന് നേരുന്നു എന്നാണ്.

പരസ്പരം തഹിയ്യത്ത് കൈമാറാൻ സലാം (سَلَامٌ) എന്ന പദം ഉപയോഗിക്കാനാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നത്. മുഹമ്മദ് നബി ﷺ ക്ക് മാത്രമല്ല, മുൻഗാമികൾക്കും തഹിയ്യത്തിനു വേണ്ടി നിർദ്ദേശിക്കപ്പെട്ടിരുന്നത് ഈ പദം തന്നെയാണ്. അല്ലാഹുവിന്റെ ഉൽകൃഷ്ടമായ നാമങ്ങളിലൊന്നാണ് അസ്സലാം (السلام). രക്ഷ, സമാധാനം എന്നെല്ലാമാണ് അതിന്റെ ഭാഷാർത്ഥം. താഴെ കൊടുക്കുന്ന ഹദീസ് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

عَنْ عَبْدِ اللَّهِ بن مَسْعُودٍ رَضِيَ اللَّهُ عَنْهُ قَالَ: كُنَّا نُصَلِّي خَلْفَ النَّبِيِّ ﷺ فَنَقُولُ: السَّلَامُ عَلَى اللَّهِ فَقَالَ النَّبِيُّ ﷺ: إِنَّ اللَّهَ هُوَ السَّلَامُ، وَلَكِنْ قُولُوا التَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ، أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ. [البخاري في صحيحه]

[ഇബ്നു മസ്ഊദ് رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു: ഞങ്ങൾ നബി ﷺ യുടെ പിറകിൽ വെച്ച് നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ മേൽ സലാം ഉണ്ടായിരിക്കട്ടെ എന്ന് പറയാറുണ്ടായിരുന്നു.

അപ്പോൾ നബി ﷺ പറഞ്ഞു: നിശ്ചയമായും അല്ലാഹു, അവൻ തന്നെയാണ് സലാം. അതിനാൽ നിങ്ങൾ ഇപ്രകാരം പറയുക: തഹിയ്യത്തുകളെല്ലാം അല്ലാഹുവിനാകുന്നു; അപ്രകാരം തന്നെ എല്ലാ പ്രാർത്ഥനകളും സദ്‌വചനങ്ങളും..

നബി ﷺ യുടെ മേൽ സലാം ഉണ്ടായിരിക്കട്ടെ; പുറമെ അല്ലാഹുവിന്റെ റഹ്മത്തുകളും അവന്റെ ബറകത്തുകളും..

ഞങ്ങളുടെമേൽ സലാം ഉണ്ടായിരിക്കട്ടെ; അതു പോലെ അല്ലാഹുവിന്റെ നല്ലവരായ എല്ലാ അടിയാറുകളുടെ മേലും..

ഞാൻ സാക്ഷ്യം വഹിക്കുന്നു: അല്ലാഹു അല്ലാതെ ന്യായമായും ആരാധിക്കപ്പെടേണ്ടവനായി ആരുമില്ല. മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.]

(ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

അങ്ങോട്ട് തഹിയ്യത്ത് പറയാൻ ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്ന വചനം സലാം എന്നുള്ളതാണെങ്കിലും, ശർഅ് വിലക്കാത്ത മറ്റു വചനങ്ങളു-പയോഗിച്ച് ആരെങ്കിലും അഭിവാദ്യം ചെയ്യുന്ന പക്ഷം അത് സ്വീകരിച്ച്

പ്രത്യഭിവാദ്യം ചെയ്യണമെന്നതും മേൽ സൂക്തത്തിന്റെ താൽപര്യത്തിൽ പെട്ടതാണ്. എന്നാൽ ഇതര മതസ്ഥർ അഭിവാദ്യം ചെയ്യാൻ ഉപയോഗിക്കുന്ന ശബ്ദങ്ങളും വചനങ്ങളും അവിശ്വാസം വ്യഞ്ജിപ്പിക്കു-ന്നവയാണെങ്കിൽ അവ ഒഴിവാക്കേണ്ടതു തന്നെയാണ്.

ശൈഖ് സഅ്ദി رحمه الله പറയുന്നത് കാണുക:

ويدخل في رد التحية كل تحية اعتادها الناس وهي غير محظورة شرعا، فانه مأمور بردّها وبأحسن منها. [السعدي في تيسير الكريم الرحمن]

[ജനങ്ങൾ ശീലിച്ച, എന്നാൽ ശർഅ് വിലക്കിയിട്ടില്ലാത്ത അഭിവാദ്യങ്ങ-ളെല്ലാം തിരിച്ചു നൽകേണ്ട തഹിയ്യത്തിന്റെ പരിധിയിൽപെടുന്നു. അതു തന്നെയോ അതിനെക്കാൾ ഉത്തമമായതോ മടക്കാൻ ഒരു മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നു.] (സഅ്ദി തഫ്സീറിൽ രേഖപ്പെടുത്തിയത്)

ഇസ്‌ലാം നിർദ്ദേശിക്കുന്ന, സമാനതകളില്ലാത്ത അഭിവാദ്യവചനമാണ് സലാം (السَّلَامُ عَلَيْكُمْ), ഈ സദ്‌വചനത്തിനു കീഴിൽ അടുക്കിവെച്ചിരി-ക്കുന്ന ആശയങ്ങളുടെ അടരുകൾ വർണ്ണനാതീതമാണ്. പരസ്പരം കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന ഹർഷാരവങ്ങളും മറ്റു വൈകാരികാനുഭവങ്ങ-ളുമാണ് അതിലൂടെ പ്രാഥമികമായി ആവിഷ്കരിക്കപ്പെടുന്നത്. എന്നാൽ അത് കേവലമായ ഒരു ശബ്ദമോ അർത്ഥശൂന്യമായ ഒരു വചനമോ അല്ല. മറിച്ച്, പ്രപഞ്ചങ്ങളുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവി-നോടുള്ള അതിവിനീതമായ ഒരു പ്രാർത്ഥനയാണത്.

താങ്കളിൽ രക്ഷയും സമാധാനവും വർഷിക്കട്ടെ എന്ന പ്രാർത്ഥന! ആ പ്രാർനക്ക് ഉപയോഗിച്ചിരിക്കുന്നതോ അല്ലാഹുവിന്റെ ഉൽകൃഷ്ടവും മനോഹരവുമായ ഒരു നാമവും – അസ്സലാം! ഹൃദയത്തിൽ ഏതെങ്കിലും തരത്തിലുള്ള വിദ്വേഷമോ പകയോ അസംതൃപ്തിയോ കുടികൊള്ളുന്നുണ്ടെങ്കിൽ അതിനെ ഉരുക്കിക്കളയാൻ പര്യാപ്തമായ വചനം. മനസ്സ് അതിനെ ഒരു പ്രാർത്ഥനയായി ഏറ്റെടുക്കുമ്പോൾ നാവ് അതിനെ രഷ്മളമായ ഒരഭിവാദ്യമായി പ്രകാശിപ്പിക്കുന്നു.

എന്റെയും നിന്റെയും റബ്ബായ അല്ലാഹു നിനക്കുമേൽ രക്ഷയും സമാധാനവും വർഷിക്കട്ടെ എന്ന് മുഖത്തു നോക്കി, കൈ പിടിച്ച് പ്രാർത്ഥിക്കുന്ന ഒരു വ്യക്തിയെ അപരൻ ഏതു വിധേനയായിരിക്കും സ്വീകരിക്കുക എന്നു സങ്കൽപിച്ചു നോക്കൂ. കെട്ടുറപ്പുള്ള ഒരു സമൂഹ നിർമ്മിതിക്ക് അത് എത്രത്തോളം സഹായകമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. നബി ﷺ പറയുന്നത് കാണുക:

عن انس قال: قال النبي ﷺ إن السلام اسم من أسماء الله تعالى، وضعه الله في الأرض، فأفشوا السلام بينكم. [البخاري في الادب المفرد وحسنه الالباني]

[അനസ് رضي الله عنه നിവേദനം. നബി ﷺ പറയുന്നു: നിശ്ചയമായും 'അസ്സലാം' അല്ലാഹുവിന്റെ നാമങ്ങളിൽപെട്ട ഒരു നാമമാണ് – അത് ഭൂലോകത്ത് അല്ലാഹു വിന്യസിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾക്കിടയിൽ നിങ്ങൾ സലാം വ്യാപിപ്പിക്കുക.]

(ബുഖാരി അൽ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്)

ഭൂലോകത്ത് സമാധാനം വിളയാടണം. അതിനു വേണ്ടി അല്ലാഹു അവന്റെ ഉൽകൃഷ്ട നാമങ്ങളിലൊന്ന് ഇവിടെ വിന്യസിച്ചിരിക്കുന്നു. അതാണ് സലാം. അത് വിശ്വാസികളായ അവന്റെ അടിയാറുകൾ മനുഷ്യർക്കിടയിൽ പരമാവധി വ്യാപിപ്പിക്കണം എന്നതാണ് അല്ലാഹുവിന്റെ താൽപര്യം. രക്ഷയുടെയും സമാധാനത്തിന്റെയും വചനമാണത്. മനുഷ്യർക്കിടയിൽ പരസ്പര വിശ്വാസത്തിന്റെയും ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും കണ്ണികൾ ഊട്ടിയുറപ്പിക്കുന്ന അഭിവാദ്യവചനം. അല്ലാഹുവിന്റെ നാമമായ അസ്സലാം ആവർത്തിച്ചു കൊണ്ടുള്ള ഈ പ്രാർത്ഥന ഹൃദയങ്ങളിൽ വിശ്വാസം ഉളവാക്കുകയും ഈമാൻ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വിശ്വാസികളുടെ മുന്നിലേ സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടുകയുള്ളു എന്ന സത്യം കൂടി അതിലേക്ക് നാം കൂട്ടിവായിക്കുക.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا، وَلَا تُؤْمِنُوا حَتَّى تَحَابُّوا، أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ؟ أَفْشُوا السَّلَامَ بَيْنَكُمْ.

[مسلم في صحيحه]

[അബൂ ഹുറയ്റഃ رَضِيَ اللَّهُ عَنْهُ നിവേദനം. നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: വിശ്വാസികളാകുന്നതുവരെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാനാവില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾക്ക് വിശ്വാസികളാകാനുമാവില്ല. പരസ്പരം സ്നേഹിക്കുന്നവരായിത്തീരാൻ ചെയ്യേണ്ട ഒരു കാര്യം ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ?

നിങ്ങൾക്കിടയിൽ നിങ്ങൾ സലാം വ്യാപിപ്പിക്കുക.]

(മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

**സലാം പറയുന്നതു സംബന്ധിച്ചുള്ള ചില മര്യാദകൾ** ഹദീസുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവയെ കുറിച്ച് സാമാന്യമായ ഒരു വിവരണം കൂടി നൽകാം.

عَنْ أَبِي هُرَيْرَةَ ﷺ ، قَالَ: قَالَ رَسُولُ اللَّهِ ﷺ : يُسَلِّمُ الرَّاكِبُ عَلَى الْمَاشِي وَالْمَاشِي عَلَى الْقَاعِدِ وَالْقَلِيلُ عَلَى الْكَثِيرِ . [البخاري في صحيحه]

[അബൂ ഹുറയ്റഃ ﷺ നിവേദനം. നബി ﷺ പറയുന്നു: വാഹനത്തിലുള്ളവൻ കാൽനടക്കാരനോടും കാൽനടക്കാരൻ ഇരിക്കുന്നവനോടും ചെറുസംഘം വലിയ സംഘത്തോടും സലാം പറയണം.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

عن جَابِر ﷺ قال: يُسَلِّمُ الرَّاكِبُ عَلَى الْمَاشِي وَالْمَاشِي عَلَى الْقَاعِدِ، وَالْمَاشِيَانِ أَيُّهُمَا يَبْدَأُ بِالسَّلَامِ فَهُوَ أَفْضَلُ. [البخاري في الأدب المفرد وصححه الألباني موقوفا ومرفوعا]

[ജാബിർ ﷺ പറയുന്നു: വാഹനത്തിലുള്ളവൻ കാൽനടക്കാരനോടും കാൽനടക്കാരൻ ഇരിക്കുന്നവനോടും സലാം പറയണം. (പരസ്പരം കണ്ടുമുട്ടുന്നത്) കാൽനടക്കാരായ രണ്ടു പേരാണെങ്കിൽ അവരിൽ ആരാണോ സലാം തുടങ്ങുന്നത് അവനാണ് കൂടുതൽ ശ്രേഷ്ഠൻ.]

(ബുഖാരി അൽ അദബുൽ മുഫ്‌റദിൽ ഉദ്ധരിച്ചത്)

പരസ്പരം കണ്ടുമുട്ടുമ്പോൾ ആദ്യം സലാം പറയേണ്ടത് ആരാണ്? മുകളിൽ പറഞ്ഞ രണ്ടു ഹദീസുകളും അക്കാര്യമാണ് വ്യക്തമാക്കുന്നത്. ഇത്തരം മര്യാദകൾ പാലിക്കുന്നതിലൂടെ വൈയക്തിക സംഘർഷങ്ങൾ (ego clashes) ഒഴിവാക്കാനും പരസ്പര ധാരണയുടെ കണ്ണികൾ ഊട്ടിയുറപ്പിക്കാനും കഴിയുന്നു.

عَنْ أَبِي هُرَيْرَةَ ﵁، أَنَّ رَجُلًا مَرَّ عَلَى رَسُولِ اللَّهِ ﷺ وَهُوَ فِي مَجْلِسٍ فَقَالَ: السَّلَامُ عَلَيْكُمْ، فَقَالَ: عَشْرُ حَسَنَاتٍ، فَمَرَّ رَجُلٌ آخَرُ فَقَالَ: السَّلَامُ عَلَيْكُمْ وَرَحْمَةُ اللَّهِ، فَقَالَ: عِشْرُونَ حَسَنَةً، فَمَرَّ رَجُلٌ آخَرُ فَقَالَ: السَّلَامُ عَلَيْكُمْ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، فَقَالَ: ثَلَاثُونَ حَسَنَةً، فَقَامَ رَجُلٌ مِنَ الْمَجْلِسِ وَلَمْ يُسَلِّمْ، فَقَالَ رَسُولُ اللَّهِ ﷺ: مَا أَوْشَكَ مَا نَسِيَ صَاحِبُكُمْ! إِذَا جَاءَ أَحَدُكُمُ الْمَجْلِسَ فَلْيُسَلِّمْ، فَإِنْ بَدَا لَهُ أَنْ يَجْلِسَ فَلْيَجْلِسْ، وَإِذَا قَامَ فَلْيُسَلِّمْ، مَا الْأُولَى بِأَحَقَّ مِنَ الْآخِرَةِ. [البخاري في الأدب المفرد وصححه الألباني]

[അബൂ ഹുറയ്റഃ ﵁ നിവേദനം. നബി ﷺ ഒരു സദസ്സിലിരിക്കെ തന്റെ അരികിലൂടെ ഒരാൾ നടന്നു പോവുകയും 'അസ്സലാമു അലൈകും' എന്ന് പറയുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: പത്തു നന്മകൾ! (എഴുതപ്പെട്ടു). പിന്നീട് മറ്റൊരാൾ നടന്നു പോവുകയും 'അസ്സലാമു അലൈകും വ റഹ്മത്തുല്ലാഹ്' എന്ന് പറയുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: ഇരുപത് നന്മകൾ!! അനന്തരം മറ്റൊരാൾ നടന്നു പോവുകയും 'അസ്സലാമു അലൈകും വ റഹ്മത്തുല്ലാഹി വ ബറകാതുഹു' എന്നു പറയുകയും ചെയ്തു. അപ്പോൾ അവിടുന്ന് പറഞ്ഞു: മുപ്പത് നന്മകൾ!!! ശേഷം ഒരാൾ സലാം പറയാതെ സദസ്സിൽനിന്ന് എഴുന്നേറ്റു പോയി. അപ്പോൾ നബി ﷺ പറഞ്ഞു: എത്ര പെട്ടന്നാണ് നിങ്ങളുടെ കൂട്ടുകാരൻ കാര്യങ്ങൾ മറന്നു

പോയത്! നിങ്ങളിലൊരാൾ സദസ്സിലേക്ക് കേറിവന്നാൽ അവൻ സലാം പറയട്ടെ. ഇരിക്കണമെന്ന് തോന്നിയാൽ അവൻ ഇരിക്കട്ടെ. അനന്തരം അവൻ എഴുന്നേറ്റു പോവുകയാണെങ്കിൽ അപ്പോഴും സലാം പറയട്ടെ. ആദ്യത്തേത് അവസാനത്തേതിനെക്കാൾ കൂടുതൽ തരപ്പെട്ടതല്ല.] (ബുഖാരി അൽ അദബുൽ മുഫ്‌റദിൽ ഉദ്ധരിച്ചത്)

മേൽ ഹദീസ് നൽകുന്ന പാഠങ്ങൾ ഇവയാണ്: സലാം പറയുമ്പോൾ സലാമിന്റെ (السَّلَامُ عَلَيْكُمْ) പുറമെ മറ്റു ചില പദങ്ങളും ഉപയോഗിക്കാം. അത്തരം സദ്വചനങ്ങൾ അധികരിപ്പിച്ച് അഭിവാദ്യവും പ്രാർത്ഥനയും അർത്ഥപൂർണ്ണമാക്കുന്നത് കൂടുതൽ പുണ്യകരമാണ്. പിരിഞ്ഞു പോകുമ്പോഴും സലാം പറയണം. അത് കണ്ടുമുട്ടുമ്പോൾ പറയുന്ന സലാമിനെക്കാൾ ഒട്ടും അപ്രധാനമല്ല.

ആരുടെയൊക്കെ മനോഹിതത്തിന് എതിരായാലും പറയുന്നത് സത്യമായിരിക്കണം. സത്യം മറച്ചുപിടിക്കാൻ പാടില്ല താനും. അതുകൊണ്ട് പറയട്ടെ, ശർഇൽ പരസ്ത്രീകളോട് സലാം പറയുന്നത് കുറ്റകരമല്ല. അങ്ങനെ ഒരു വിലക്ക് എവിടെയും വന്നിട്ടുമില്ല. വൃദ്ധകളോട് സലാം പറയുന്നതിൽ തെറ്റില്ലെന്ന് എല്ലാവരും പറയുന്നു. യുവതികളോട് സലാം പറയുന്നതിനെ കുറിച്ചാണ് ചിലർക്ക് സംശയം. എന്നാൽ യുവതികളോട് സലാം പറയുന്നതിന് പ്രത്യേകമായ ഒരു വിലക്ക് എവിടെയും ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഫിത്നഃ സൂക്ഷിക്കണം എന്നത് പൊതുവായ കാര്യമാണ്. അതിനെ സലാമുമായി ബന്ധിപ്പിക്കുന്നതിൽ

സാംഗത്യമില്ല. കൂടാതെ, നബി ﷺ അവരോട് സലാം പറഞ്ഞ സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് താനും.

عَنْ أَسْمَاءَ ابْنَةِ يَزِيدَ، قَالَتْ: مَرَّ عَلَيْنَا النَّبِيُّ ﷺ فِي نِسْوَةٍ فَسَلَّمَ عَلَيْنَا.

[أبو داود في سننه وصححه الألباني]

[യസീദിന്റെ പുത്രി അസ്മാഅ് رضي الله عنها നിവേദനം. അവർ പറയുന്നു: നബി ﷺ ഒരിക്കൽ ഞങ്ങൾ ഒരു കൂട്ടം സ്ത്രീകളുടെ അരികിലൂടെ നടന്നുപോയി. അപ്പോൾ അവിടുന്ന് ഞങ്ങളോട് സലാം പറഞ്ഞു.] (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

**പള്ളിയിൽ പ്രവേശിക്കുമ്പോൾ** സലാം പറയേണ്ടത് എങ്ങനെയാണ്? അവിടെ പലതരം ഇബാദത്തുകളിൽ മുഴുകിയിരിക്കുന്ന ആളുകളുണ്ടായിരിക്കും. അവരോട് മൊത്തത്തിൽ സലാം പറയുക എന്ന രീതി സ്ഥിരപ്പെട്ട നബിവചനങ്ങളിലോ ക്രോഡീകരിക്കപ്പെട്ട നബിചരിതങ്ങളിലോ കാണാൻ കഴിയുന്നില്ല.

പള്ളിയിൽ പ്രവേശിക്കുന്ന വ്യക്തി ആദ്യം ചെയ്യേണ്ടത് രണ്ടു റക്അത്ത് തഹിയ്യത്ത് നമസ്കരിക്കുകയാണ്. ശേഷം ഏതെങ്കിലും സദസ്സുകളിലേക്ക് കടന്നു ചെല്ലുകയോ ആരെയെങ്കിലും അഭിമുഖീകരിക്കുകയോ ചെയ്യുകയാണെങ്കിൽ അവരോട് സലാം പറയുകയുമാണ് വേണ്ടത്. ഇതാണ് നബി ﷺ യുടെയും സലഫുകളുടെയും രീതി. അല്ലാതെ മറ്റു ഇബാദത്തുകളിൽ മുഴുകിയിരിക്കുന്ന ആളുകളെ അതിൽനിന്നു ശ്രദ്ധ

തിരിച്ചുകളയുന്നത് ശരിയായ നടപടിയല്ല. അതിന്റെ സലഫുകളുടെ മാതൃകയുമില്ല. താഴെ കൊടുക്കുന്ന ഹദീസ് കൂടി കാണുക:

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، أَنَّ رَسُولَ اللهِ ﷺ دَخَلَ الْمَسْجِدَ، فَدَخَلَ رَجُلٌ فَصَلَّى، فَسَلَّمَ عَلَى النَّبِيِّ ﷺ فَرَدَّ، وَقَالَ: (ارْجِعْ فَصَلِّ، فَإِنَّكَ لَمْ تُصَلِّ). فَرَجَعَ يُصَلِّي كَمَا صَلَّى، ثُمَّ جَاءَ، فَسَلَّمَ عَلَى النَّبِيِّ ﷺ، فَقَالَ: (ارْجِعْ فَصَلِّ فَإِنَّكَ لَمْ تُصَلِّ) ثَلَاثًا، فَقَالَ: وَالَّذِي بَعَثَكَ بِالْحَقِّ، مَا أُحْسِنُ غَيْرَهُ، فَعَلِّمْنِي؟ فَقَالَ: (إِذَا قُمْتَ إِلَى الصَّلَاةِ فَكَبِّرْ، ثُمَّ اقْرَأْ مَا تَيَسَّرَ مَعَكَ مِنَ الْقرآنِ، ثُمَّ ارْكَعْ حَتَّى تَطْمَئِنَّ رَاكِعًا، ثُمَّ ارْفَعْ حَتَّى تَعْتَدِلَ قَائِمًا، ثُمَّ اسْجُدْ حَتَّى تَطْمَئِنَّ سَاجِدًا، ثُمَّ ارْفَعْ حَتَّى تَطْمَئِنَّ جَالِسًا، وَافْعَلْ ذَلِكَ فِي صَلَاتِكَ كُلِّهَا). [البخاري في صحيحه]

[അബൂ ഹുറയ്റഃ رَضِيَ اللهُ عَنْهُ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ ഒരിക്കൽ പള്ളിയിൽ കേറി. അപ്പോൾ ഒരാൾ വരികയും (തഹിയ്യത്ത്) നമസ്കരിച്ച് നബി ﷺ യോട് സലാം പറയുകയും ചെയ്തു. അവിടുന്ന് സലാം മടക്കിയിട്ട് അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ തിരിച്ചുപോയി നമസ്കരിക്കു, താങ്കൾ (ശരിയാംവണ്ണം) നമസ്കരിചിട്ടില്ല. അദ്ദേഹം തിരിച്ചുപോയി. ആദ്യം നമസ്കരിച്ച പോലെ നമസ്കരിച്ചു. എന്നിട്ട് മടങ്ങിവന്ന് നബി ﷺ ക്ക് പിന്നെയും സലാം പറഞ്ഞു. അപ്പോഴും അവിടുന്ന് പറഞ്ഞു: താങ്കൾ തിരിച്ചുപോയി നമസ്കരിക്കു, താങ്കൾ (ശരിയാംവണ്ണം) നമസ് കരിച്ചിട്ടില്ല. അങ്ങനെ മൂന്നുതവണ ആവർത്തിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കളെ സത്യവുമായി നിയോഗിച്ചവൻ തന്നെയാണ! ഇങ്ങനെയല്ലാതെ എനിക്ക് ചെയ്യാനറിയില്ല. അതിനാൽ അങ്ങ് എനിക്ക് പഠിപ്പിച്ചു തന്നാലും. അപ്പോൾ അവിടുന്ന് പറഞ്ഞു: താങ്കൾ നമസ്കരിക്കാൻ നിന്നാൽ

തക്ബീർ ചൊല്ലുക. പിന്നീട് താങ്കൾക്ക് പാഠമുള്ള ഖുർആനിൽ നിന്ന് സാധിക്കുന്നത് പാരായണം ചെയ്യുക. പിന്നീട് റുകൂഇൽ അടക്കം വരുന്നതുവരെ കഴിച്ചുകൂട്ടുക. പിന്നീട് ഉയർന്ന് അടക്കം വരുന്നതുവരെ വടിവൊത്ത് നിൽക്കുക. പിന്നീട് സുജൂദ് ചെയ്ത് അടക്കം വരുന്നതുവരെ സുജൂദിൽ കിടക്കുക. പിന്നീട് ഉയർന്ന് അടക്കം വരുന്നതുവരെ ഇരിക്കുക. താങ്കളുടെ എല്ലാ നമസ്കാരത്തിലും ഇപ്രകാരം ചെയ്തുകൊള്ളുക.]

(ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

ഇവിടെ, ആ വ്യക്തി പള്ളിയിൽ കേറിയ മാത്രയിൽ ആദ്യം ചെയ്യുന്നത് അവിടെ സന്നിഹിതരായിരുന്ന നബി ﷺക്കോ മറ്റു സ്വഹാബിമാർക്കോ, മൊത്തത്തിലോ പ്രത്യേകമായോ, സലാം പറയുകയല്ല. മറിച്ച്, നേരെ തഹിയ്യത്ത് നമസ്കരിക്കുകയും, പിന്നീട് നബി ﷺ യുടെ അടുത്തേക്ക് വന്ന് സലാം പറയുകയുമാണ് ചെയ്യുന്നത്. ഇതാണ് സ്വഹാബിമാർ പിന്തുടർന്നിരുന്ന രീതി. അതിൽ വല്ല അപാകവും ഉണ്ടായിരുന്നുവെങ്കിൽ അവിടുന്ന് അപ്പോൾ തന്നെ അത് തിരുത്തുമായിരുന്നു. എന്നല്ല, നമസ്കാരത്തിലുള്ള അദ്ദേഹത്തിന്റെ പിഴവ് ചൂണ്ടിക്കാണിച്ച് തിരുത്തിയ നബി ﷺ ഫലത്തിൽ അത് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

പള്ളിയിൽ ആരാധനയിൽ മുഴുകിയവരുടെ കാര്യം പോകട്ടെ, വീട്ടിൽ ഉറങ്ങുന്നവരെ പോലും ഉണർത്താതെ, ഉദ്ദേശിച്ചവരെ മാത്രം കേൾ-പ്പിക്കുന്ന വിധമാണ് നബി ﷺ സലാം പറഞ്ഞിരുന്നത്. താഴെ കൊടുക്കുന്ന ഹദീസ് കാണുക:

عَنْ المَقْدَاد بن الأَسْوَد رَضِيَ اللَّهُ عَنْهُ قَالَ: كَانَ النَّبِيُّ ﷺ يَجِيءُ مِنَ اللَّيْلِ فَيُسَلِّمُ تَسْلِيمًا لَا يُوقظ نَائِمًا وَيَسْمَعُ اليقظان. [البخاري في الأدب المفرد وصححه الألباني]

[മിഖ്ദാദ് ബിൻ അൽ അസ്‌വദ് رَضِيَ اللَّهُ عَنْهُ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ ചിലപ്പോൾ രാത്രിയിൽ കേറിവരാറുണ്ടായിരുന്നു. അപ്പോൾ ഉറങ്ങുന്നവനെ ഉണർത്താതെ, ഉണർന്നിരിക്കുന്നവനെ കേൾപ്പിക്കുന്ന വിധത്തിലായിരുന്നു സലാം ചൊല്ലിയിരുന്നത്.]

(ബുഖാരി അൽ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്)

ശ്രദ്ധിക്കുക! ഉറങ്ങുന്നവർ ഉണരാനിടവരാതെ, ഉണർന്നിരിക്കുന്നവർ കേൾക്കത്തക്ക വിധം, പതിഞ്ഞ സ്വരത്തിലാണ് അവിടുന്ന് രാത്രിയിൽ വീട്ടിലേക്ക് കേറിവരുമ്പോൾ സലാം ചൊല്ലിയിരുന്നത്. അപ്പോൾ പള്ളിയിൽ നമസ്കാരത്തിലോ മറ്റ് ആരാധനകളിലോ മുഴുകിയവരെ മൊത്തത്തിൽ ശ്രദ്ധതിരിക്കുന്ന വിധത്തിൽ സലാം പറയുന്നത് കരണീയമല്ലെന്ന കാര്യം ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ.

എന്നാൽ നമസ്കരിക്കുന്ന ഒരു വ്യക്തിയെ സമീപിക്കുന്ന ഒരാൾ അദ്ദേഹത്തിന് സലാം പറയുന്നതും അത് മടക്കുന്നതും സുന്നത്തിൽ പെട്ടതാണ്. അത് എങ്ങനെയെന്നു കൂടി പരിശോധിക്കാം:

عَنْ صُهَيْبٍ رَضِيَ اللَّهُ عَنْهُ، أَنَّهُ قَالَ: «مَرَرْتُ بِرَسُولِ اللَّهِ ﷺ وَهُوَ يُصَلِّي، فَسَلَّمْتُ عَلَيْهِ، فَرَدَّ إِشَارَةً، قَالَ: وَلَا أَعْلَمُهُ إِلَّا قَالَ إِشَارَةً بِأُصْبُعِهِ. [ابو داود فى سننه وصححه الالباني]

[സുഹൈബ് ﷛ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ നമസ്കരിച്ചു കൊണ്ടിരിക്കെ ഞാൻ അരികിലൂടെ നടന്നു പോയി. അപ്പോൾ അദ്ദേഹത്തിന് സലാം പറഞ്ഞു. അവിടുന്ന് ആംഗ്യത്തിലൂടെ പ്രത്യഭിവാദ്യം ചെയ്തു. ഹദീസ് നിവേദകരിലൊരാളായ ഖുതൈബഃ പറയുന്നു: "അവിടുന്ന് തന്റെ വിരൽ കൊണ്ടുള്ള ആംഗ്യത്തിലൂടെ" എന്ന് പറഞ്ഞതായിട്ടല്ലാതെ എനിക്ക് അതിനെ കുറിച്ച് അറിവില്ല.]

(അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

നമസ്കരിക്കുന്ന ഒരാളെ സമീപിക്കുകയാണെങ്കിൽ അയാളോട് സലാം പറയുന്നതും, സലാം പറഞ്ഞാൽ കൈവിരൽ കൊണ്ടുള്ള ആംഗ്യത്തിലൂടെ അദ്ദേഹം പ്രത്യഭിവാദ്യം ചെയ്യുന്നതും നബിചര്യയിൽ പെട്ടതാണെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. ജനങ്ങളുടെ അവഗണന നിമിത്തം എടുത്തുപോയ നല്ല ചര്യകളിൽപെട്ടതാണ് ഇക്കാര്യം. അത് ജീവിപ്പിക്കാൻ സുന്നത്തിനെ സ്നേഹിക്കുന്നവർ മാത്രമേ ഉള്ളു എന്നു കൂടി ഉണർത്തുകയാണ്.

ജൂതന്മാർ അഭിവാദ്യം ചെയ്തിരുന്ന രീതി സദ്വചനങ്ങളൊന്നും ഉരിയാടാതെ, വെറുതെ കൈവീശിക്കാണിക്കുക എന്നതായിരുന്നു. ഇക്കാര്യം ഹദീസുകളിൽ സ്ഥിരപ്പെട്ടതാണ്.

عَنْ جَابِرِ بْنِ عَبْدِ اللهِ ﷛، أَنَّ رَسُولَ اللهِ ﷺ قَالَ: لَا تُسَلِّمُوا تَسْلِيمَ الْيَهُودِ وَالنَّصَارَى، فَإِنَّ تَسْلِيمَهُمْ بِالْأَكُفِّ وَالرُّؤُوسِ وَالْإِشَارَةِ.

[النسائي في السنن الكبرى وفي عمل اليوم والليلة والديلمي، وأثبته الألباني في الصحيحة]

[ജാബിർ ﷺ നിവേദനം. നബി ﷺ പറയുന്നു: നിങ്ങൾ ജൂതരും ക്രൈസ്തവരും സലാം പറയുന്ന പോലെ സലാം പറയരുത്. അവരുടെ സലാം കൈപ്പത്തിയും ശിരസ്സും ആംഗ്യവും കൊണ്ടുള്ളതാണ്.]

(നസാഇയും ദയ്‌ലമിയും ഉദ്ധരിച്ചത്)

അഥവാ, സദ്വചനങ്ങളോ പ്രാർത്ഥനയോ കൂടാതെ, വെറുതെ കൈവീശിക്കാണിക്കുന്ന രീതിയാണ് അവർ പിന്തുടർന്നിരുന്നത്. മതപരവും സാംസ്കാരികവുമായ ഇത്തരം വിഷയങ്ങളിൽ അവരുമായി താദാത്മ്യം പുലർത്താതിരിക്കുക എന്നത് ഇസ്‌ലാമിന്റെ താൽപര്യമാണ്. എന്നാൽ സലാം പറഞ്ഞു കൊണ്ട് കൈവീശിക്കാണിക്കുക എന്നത് അവരുടേതിൽനിന്ന് വ്യത്യസ്തമാണ്. ആയതിനാൽ അതിനു തെറ്റ് പറയപ്പെട്ടിട്ടില്ല. താഴെ കൊടുക്കുന്ന ഹദീസ് ശ്രദ്ധിക്കുക:

وَقَالَتْ أَسْمَاء رضي الله عنها: أَلْوَى النَّبِيُّ ﷺ بِيَدِهِ إِلى النِسَاءِ بِالسَّلَام.

[البخاري في الأدب المفرد وصححه الألباني]

[അസ്മാഅ് رضي الله عنها നിവേദനം. അവർ പറയുന്നു: നബി ﷺ സ്ത്രീകളുടെ നേരെ സലാം പറഞ്ഞുകൊണ്ട് കൈവീശിക്കാണിച്ചു.]

(ബുഖാരി അൽ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്)

**ഇതര സമുദായങ്ങളുമായി സഹവസിക്കുമ്പോൾ** ആരോഗ്യകരമായ സാമൂഹിക ബന്ധങ്ങൾ പാലിക്കണമെന്ന് ദീൻ കണിശമായി

നിർദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അവരെ അഭിവാദ്യം ചെയ്യുന്നത് സംബന്ധിച്ചും ചില നിർദ്ദേശങ്ങൾ ഹദീസിൽ കാണാം.

അമുസ്‌ലിംകൾ തന്നെ രണ്ടു തരക്കാരായിരിക്കും എന്നത് നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഒരു വിഭാഗം മുസ്‌ലിംകളുമായി സന്ധിയിലും സമാധാനത്തിലും സഹവസിക്കുന്നവർ. മറ്റൊരു വിഭാഗം കുടിലതകളും കുത്സിതങ്ങളുമായി നടക്കുകയും ചതിപ്രയോഗങ്ങൾക്ക് അവസരം പാർത്തിരിക്കുകയും ചെയ്യുന്നവർ.

മുസ്‌ലിംകളുമായി സന്ധിയിലും സമാധാനത്തിലും പുലരുന്ന അമുസ്‌ലിം-കൾ അഭിവാദ്യം ചെയ്താൽ ചർച്ചയിലിരിക്കുന്ന ഖുർആൻ സൂക്തത്തിൽ പറഞ്ഞതു പോലെ, അതു തന്നെയോ അതിനെക്കാൾ ഉത്തമമായതോ ഉപയോഗിച്ച് പ്രത്യഭിവാദ്യം ചെയ്യണം. നീതീകരിക്കാവുന്ന കാരണങ്ങളോ സാഹചര്യങ്ങളോ ഉണ്ടെങ്കിൽ അവരെ അങ്ങോട്ട് ആദ്യം അഭിവാദ്യം ചെയ്യാമെന്നും സലഫുകളിൽ പലരും പറഞ്ഞിട്ടുണ്ട്.

അതേ സമയം, രണ്ടാമതു പറഞ്ഞ വിഭാഗവുമായി ഇടപഴകുമ്പോൾ ചതിക്കുഴികളിൽ വീഴാതിരിക്കാനുള്ള കരുതലും ജാഗ്രതയും ഒരു വിശ്വാസിക്ക് ആവശ്യമാണ്. മനസ്സിന്റെ ജാലകങ്ങൾ തുറന്നിടുന്ന ഇത്തരം ഘട്ടങ്ങളിൽ അൽപം സൂക്ഷ്മത പാലിക്കണമെന്നു തന്നെയാണ് നബി ﷺ തന്റെ അനുയായികളോട് അനുശാസിച്ചിരിക്കുന്നത്. ശത്രുതയും കുടിലതയുമായി നടക്കുന്ന അമുസ്‌ലിംകൾ സംശയകരമായ വാക്കുകളോ ദ്വയാർത്ഥ പ്രയോഗങ്ങളോ നടത്തുകയാണെങ്കിൽ

അതുതന്നെ നിനക്കും എന്ന് പ്രതികരിക്കാനാണ് ഒരു മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നത്. സലാം എന്ന സദ്വചനത്തെ പോലും സാം (السَّامُ) അഥവാ നാശം എന്നാക്കി വക്രീകരിക്കുന്നവരാണ് അവർ. ഇത്തരക്കാരോട് എങ്ങനെ പ്രതിവർത്തിക്കണമെന്നത് നബി ﷺ തന്നെ പഠിപ്പിച്ചിട്ടുണ്ട്. ഒന്നാമതായി അവർക്ക് അങ്ങോട്ട് സലാം തുടങ്ങാതിരിക്കുക. അവിടുന്ന് പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، أَنَّ رَسُولَ اللهِ ﷺ قَالَ: لَا تَبْدَءُوا الْيَهُودَ وَلَا النَّصَارَى بِالسَّلَامِ.
[مسلم في صحيحه]

[അബൂ ഹുറയ്റഃ رَضِيَ اللَّهُ عَنْهُ നിവേദനം. നബി ﷺ പറയുന്നു: ജൂതന്മാരോടും ക്രൈസ്തവരോടും നിങ്ങൾ അങ്ങോട്ട് സലാം തുടങ്ങരുത്.]
(മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

രണ്ടാമതായി, അവർ ഇങ്ങോട്ട് അഭിവാദ്യം ചെയ്താൽ 'നിനക്കും' എന്ന് മാത്രം പറയുക. അവർ നല്ലത് ഉദ്ദേശിച്ച്, നല്ലതു പറഞ്ഞാൽ അതുതന്നെ അവർക്ക് തിരിച്ചു ലഭിക്കുന്നു. മറിച്ചാണെങ്കിൽ അവരുടെ കുത്സിതങ്ങൾ ബൂമറാങ് കണക്കെ അവർക്കു തന്നെ തിരിച്ചടിക്കുന്നു. നബി ﷺ പറയുന്നത് കാണുക:

عَنْ أَنَسِ بْنُ مَالِكٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ النَّبِيُّ ﷺ: إِذَا سَلَّمَ عَلَيْكُمْ أَهْلُ الْكِتَابِ فَقُولُوا: وَعَلَيْكُمْ. [البخاري في صحيحه]

[അനസ് رَضِيَ اللَّهُ عَنْهُ നിവേദനം. നബി ﷺ പറയുന്നു: ഗ്രന്ഥാവകാശികൾ നിങ്ങളോട് സലാം പറഞ്ഞാൽ, നിങ്ങൾ തിരിച്ചു പറയേണ്ടത് 'നിങ്ങൾക്കും' എന്നാണ്.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

സമൂഹത്തിൽ പ്രബലമായി നിലകൊള്ളുന്ന മറ്റൊരു തെറ്റിദ്ധാരണ ഭക്ഷണം കഴിക്കുമ്പോൾ സലാം പറയാനോ മടക്കാനോ പാടില്ലെന്ന-താണ്. മാത്രമല്ല, ഭക്ഷണം കഴിക്കുമ്പോൾ സംസാരിക്കുന്നത് പോലും മതപരമായി വിലക്കപ്പെട്ടതാണെന്ന ധാരണയും ചിലർക്കുണ്ട്. അത് രണ്ടും തെറ്റിദ്ധാരണ മാത്രമാണ്. രണ്ടിനും ശർഇൽ ഒരു വിലക്കും വന്നിട്ടില്ല.

അതേ പോലെ, പലർക്കും വ്യക്തതയില്ലാത്ത വിഷയമാണ് ശുചിമുറിയിലായിരിക്കുമ്പോൾ സംസാരിക്കുക, സലാം പറയുക, സലാം മടക്കുക എന്നുള്ളത്. മലമൂത്രവിസർജ്ജനം ചെയ്യുമ്പോൾ പരസ്പരം നഗ്നത നോക്കിക്കൊണ്ട് സംസാരിച്ചിരിക്കുന്നത് വിലക്കപ്പെട്ടതാണ്. നഗ്നത കാണാതെയുള്ള വെറും സംസാരം വിലക്കപ്പെട്ടതല്ല താനും. അതേ പ്രകാരം, മലമൂത്ര വിസർജ്ജനം നടത്തിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരാളോട് സലാം പറയാൻ പാടില്ല. ഒരാൾ ഇങ്ങോട്ട് സലാം പറഞ്ഞാൽ അത് മടക്കുകയുമരുത്. താഴെ കൊടുക്കുന്ന സംഭവം ഇക്കാര്യം വ്യക്തമാക്കുന്നു.

عَنِ الْمُهَاجِرِ بْنِ قُنْفُذٍ رَضِيَ اللَّهُ عَنْهُ أَنَّهُ أَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ يَبُولُ فَسَلَّمَ عَلَيْهِ، فَلَمْ يَرُدَّ عَلَيْهِ حَتَّى تَوَضَّأَ، ثُمَّ اعْتَذَرَ إِلَيْهِ فَقَالَ: إِنِّي كَرِهْتُ أَنْ أَذْكُرَ اللَّهَ عَزَّ وَجَلَّ إِلَّا عَلَى طُهْرٍ أَوْ قَالَ: عَلَى طَهَارَةٍ.

[أبو داود في سننه وصححه الألباني]

[മുഹാജിർ ബിൻ ഖുൻഫുദ് رَضِيَ اللَّهُ عَنْهُ നിവേദനം. മൂത്രിച്ചുകൊണ്ടിരിക്കെ നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ യുടെ അടുക്കൽ ചെന്ന് മുഹാജിർ സലാം പറഞ്ഞു. അവിടുന്ന് വുളൂ ചെയ്യുന്നതു വരെ സലാം മടക്കിയില്ല. അങ്ങനെ അദ്ദേഹത്തോട് ഒഴികഴിവ് രേഖപ്പെടുത്തിക്കൊണ്ട് അവിടുന്ന് പറഞ്ഞു: അല്ലാഹുവിനുള്ള ദിക്ർ ശുദ്ധിയോടു കൂടിയല്ലാതെ, അല്ലെങ്കിൽ ശുചിത്വത്തോടു കൂടിയല്ലാതെ, ചെയ്യാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.]

(അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

മലമൂത്രവിസർജ്ജനം ചെയ്തുകൊണ്ടിരിക്കുമ്പോൾ സലാം പറയാനോ മടക്കാനോ മറ്റു ദിക്റുകൾ ചൊല്ലാനോ പാടില്ല. അതു കൊണ്ടാണ് നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ അദ്ദേഹത്തിനു സലാം മടക്കാതിരുന്നത്. വുളൂ ചെയ്ത ശേഷമാണ് നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ സലാം മടക്കിയത്. അതിൽ നിന്ന് ശുചിത്വമില്ലാത്ത സമയത്ത് സലാം പറയാനോ, മടക്കാനോ മറ്റു ദിക്റുകൾ ചൊല്ലാനോ പാടില്ല, വുളൂ ചെയ്ത ശേഷമേ അത് പാടുള്ളു എന്ന് തെറ്റിദ്ധരിക്കകയുമരുത്. അത്തരം ഒരാശയം ആ ഹദീസ് പ്രദാനം ചെയ്യുന്നില്ല. മഹാന്മാരായ പണ്ഡിതന്മാർ തന്നെ അക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്.

قَالَ أَبُو حَاتِمٍ: فِي هَذَا الْخَبَرِ بَيَانٌ وَاضِحٌ أَنَّ كَرَاهِيَةَ الْمُصْطَفَى صَلَّى اللَّهُ عَلَيْهِ وَسَلَّمَ ذِكْرَ اللَّهِ إِلَّا عَلَى طَهَارَةٍ كَانَ ذَلِكَ لِأَنَّ الذِّكْرَ عَلَى طَهَارَةٍ أَفْضَلُ لَا أَنَّ ذِكْرَ الْمَرْءِ رَبَّهُ عَلَى غَيْرِ الطَّهَارَةِ غَيْرُ جَائِزٍ لِأَنَّهُ

صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ يَذْكُرُ اللَّهَ عَلَى أحيانه.

[الألباني في التعليقات الحسان على صحيح ابن حبان]

[അബൂ ഹാതിം رحمه الله പറയുന്നു: ഈ ഹദീസിൽ വ്യക്തമായ ഒരു വിശദീകരണമുണ്ട്: ശുചിത്വത്തോട്ടു കൂടിയല്ലാതെ അല്ലാഹുവിനെ സ്മരിക്കുന്നത് നബി ﷺ ഇഷ്ടപ്പെടാതിരുന്നത്, ശുചിത്വത്തോടെ സ്മരിക്കുന്നതാണ് കൂടുതൽ ശ്രേഷ്ടം എന്നതു കൊണ്ടാണ്. അല്ലാതെ, ശുചിത്വമില്ലാതെ ഒരാൾക്കും തന്റെ റബ്ബിനെ സ്മരിക്കാൻ പാടില്ല എന്നതു കൊണ്ടല്ല. കാരണം, നബി ﷺ തന്നെ തന്റെ മുഴുസന്ദർഭങ്ങളിലും അല്ലാഹുവിനെ സ്മരിക്കാറുണ്ടായിരുന്നു.]

(അൽബാനി അത്തഅ്ലീഖാതുൽ ഹിസാനിൽ ഉദ്ധരിച്ചത്)

ശുചിത്വം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും നബി ﷺ അല്ലാഹുവിനെ സ്മരിക്കാറുണ്ടായിരുന്നു എന്ന കാര്യം വ്യക്തമാക്കുന്ന ഹദീസ് തന്നെ കാണുക:

عَنْ عَائِشَةَ رضي الله عنها قَالَتْ: كان النَّبِيُّ يَذْكُرُ اللهَ عَلَى كُلِّ أَحْيَانِهِ.

[مسلم في صحيحه]

[ആയിശഃ رضي الله عنها നിവേദനം. അവർ പറയുന്നു: നബി ﷺ തന്റെ എല്ലാ ഘട്ടങ്ങളിലും അല്ലാഹുവിനെ സ്മരിക്കാറുണ്ടായിരുന്നു.]

(മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ചുരുക്കത്തിൽ, മലമൂത്ര വിസർജ്ജനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് സലാം പറയാനോ, മടക്കാനോ, മറ്റു ദിക്റുകൾ ചൊല്ലാനോ പാടില്ലാത്തത്. ഒരാൾ ഏതെങ്കിലും കാരണത്താൽ അശുദ്ധിയിലായി. ആ ഘട്ടത്തിൽ സലാം പറയുന്നതിനോ മടക്കുന്നതിനോ മറ്റു ദിക്റുകൾ ചൊല്ലുന്നതിനോ വിലക്കില്ല. എന്നാൽ ശുചിത്വത്തോടുകൂടി അല്ലാഹുവിനെ സ്മരിക്കുന്നതാണ് കൂടുതൽ ഉത്തമം.

ശാരീരികമായ ശുചിത്വത്തെക്കാൾ പ്രധാനം മനസ്സിന്റെ വിശുദ്ധിയാണ്. യഥാർത്ഥത്തിൽ മനസ്സുകളെ വിമലീകരിക്കാനുള്ള സദ്വചനമാണ് സലാം. ആ വചനത്തെ പോലും കളങ്കപ്പെടുത്തുന്ന വിധമാണ് പലരും സലാം പറയുന്നതും പറയാതിരിക്കുന്നതും. പാർട്ടിയടിസ്ഥാനത്തിലോ ഗ്രൂപ്പ് നോക്കിയോ അഭിവാദ്യമർപ്പിക്കുകയും സലാം പറയുകയും ചെയ്യുന്ന രീതിയാണ് ഇന്ന് സാർവത്രികമായി കണ്ടുവരുന്നത്. മനുഷ്യർ എത്തിനിൽക്കുന്ന ധർമ്മച്യുതിയുടെ ആഴമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. എല്ലാവിധ സങ്കുചിതത്വങ്ങളും ഭേദിച്ച് മനസ്സിന്റെ വിശാല വിഹായുസ്സിലേക്ക് കടന്നു ചെല്ലാനുള്ള മന്ത്രമാണ് സലാം. അതിനെപ്പോലും ഇവ്വിധം സങ്കുചിതവൽക്കരിക്കുന്നത് എന്തു മാത്രം സങ്കടകരമല്ല!
നബി ﷺ പറയുന്നത് കാണുക:

عَنْ عَبْدُ اللهِ بِنْ عَمْرٍو رَضِيَ اللهُ عَنْهُ، أَنَّ رَجُلًا سَأَلَ النَّبِيَّ ﷺ أَيُّ الإِسْلَامِ خَيْرٌ؟ قال: تُطْعِمُ الطَّعَامَ، وَتَقْرَأُ السَّلَامَ، على مَنْ عَرَفْتَ وَمَنْ لَمْ تَعْرِفْ. [البخاري في صحيحه]

[അബ്ദുല്ലാഹ് ബിൻ അംറ് رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു:

ഒരാൾ നബി ﷺ യോട് ചോദിച്ചു: ഇസ്‌ലാമിക അനുഷ്ഠാനങ്ങളിൽ ഏറ്റവും ഗുണകരമായ കാര്യമേതാണ്? അവിടുന്ന് പറഞ്ഞു: നീ അഗതികൾക്ക് ഭക്ഷണം നൽകലും അറിയുന്നവർക്കും അറിയാവത്ത- വർക്കും സലാം പറയലുമാണ്.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

പാർട്ടി നോക്കാതെ, ഗ്രൂപ് നോക്കാതെ, സകലമാന സങ്കുചിതത്വങ്ങളും മറികടന്ന് മനസ്സു തുറന്നു പറയട്ടെ: സലാം.. അല്ലാഹ ഭൂലോകത്ത് വിന്യസിച്ച അവന്റെ ഉൽകൃഷ്ടമായ നാമം. അത് ഉരുവിടുക. സഹജീവി- കൾക്ക് രക്ഷയും സമാധാനവും നേരുക. അടഞ്ഞ മനസ്സുകൾ തുറക്കട്ടെ. എങ്ങും സലാം വഴിഞ്ഞൊഴുകട്ടെ. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رضي الله عنه، عَنِ النَّبِيِّ ﷺ قَالَ: أَعْجَزُ النَّاسِ مَنْ عَجِزَ فِي الدُّعَاءِ، وأَبْخَلُ النَّاسِ مَنْ بَخِلَ بِالسَّلَامِ. [عبد الغني المقدسي في كتاب الدعاء وأورده الألباني في الصحيحة]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ പറഞ്ഞു: പ്രാർത്ഥിക്കാൻ കഴിയാത്തവനാണ് ജനങ്ങളിൽ ഏറ്റവും ദുർബലൻ. സലാം പറയാതെ പിശുക്ക് കാണിക്കുന്നവനാണ് ജനങ്ങളിൽ ഏറ്റവും വലിയ ലുബ്ധൻ.] (അബ്ദുൽ ഗനി അൽ മഖ്ദസി കിതാബുദ്ദുആയിൽ ഉദ്ധരിച്ചത്)

— إن شاء الله —

പ്രസിദ്ധീകരിക്കാനിരിക്കുന്ന അബ്ദുൽ കരീം അമാനിയുടെ ഖുർആൻ വിവരണം രണ്ടാം വാള്യത്തിൽ നിന്ന്

. . . . .

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com